ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 25.11.2026 | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. രാഷ്ട്രനിർമ്മാണത്തിൽ സ്ത്രീകളെ സജീവപങ്കാളികളാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.
   Vice-President C.P. Radhakrishnan says educational institutions pay greater attention to making women active participants in nation-building.
2. രാജ്യത്തെ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ വിപുലീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   Prime Minister Narendra Modi says the government takes steps to expand social security schemes for workers across the country.
3. നിർമ്മാണ-അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനായി 11,000 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.
   The Union Cabinet approves a ₹11,000 crore scheme for the development of the construction and infrastructure sector.
4. നിയമരംഗത്ത് സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത്.
   Supreme Court Chief Justice Justice Surya Kant calls to increase women's representation in the legal field.
5. പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ, സ്വകാര്യ സർവകലാശാല ബിൽ എന്നിവയുൾപ്പെടെയുള്ള ബില്ലുകൾ തിങ്കളാഴ്ച ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
   Chief Minister V.D. Satheesan says bills, including the Public Service Commission Amendment Bill and the Private University Bill, come up in the Assembly session starting on Monday.
6. വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫി അവസാന ലീഗ് മത്സരത്തിൽ ഇന്ത്യ – ജപ്പാൻ പോരാട്ടം.
   India takes on Japan in the final league match of the Women's Asian Hockey Champions Trophy.

&&&&&&&&&&&&&&&&

VICE-PRESIDENT NAGPUR CONFERENCE

സ്ത്രീകളെ രാഷ്ട്രനിർമ്മാണത്തിൽ സജീവപങ്കാളികളാക്കാനും സാമ്പത്തിക സ്വാതന്ത്ര്യവും നേതൃപാടവ വികസനവും സ്ത്രീകൾക്ക് ഉറപ്പുവരുത്താനും സർവ്വകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. മഹാരാഷ്ട്രയിലെ നാഗ്പൂർ രാഷ്ട്രസന്ത് തുക്കാഡോജി മഹാരാജ് സർവ്വകലാശാലയിൽ സംഘടിപ്പിച്ച ദ്വിദിന 'സ്വയംസിദ്ധ ദേശീയ സമ്മേളനം 2026' ഉദ്ഘാടനം ചെയുകയായിരുന്നു അദ്ദേഹം. നാരി ശക്തി വന്ദൻ അധിനിയത്തിലൂടെ ജനാധിപത്യ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഉറപ്പാക്കിയതിനെ ഉപരാഷ്ട്രപതി പ്രത്യേകം അനുസ്മരിച്ചു.

&&&&&&&&&&&&&&&&&

PM- ASHOK LAHIRI ARTICLE

രാജ്യത്തെ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ വിപുലീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇ.പി.എഫ്. വേതന പരിധി ഉയർത്തിയതിലൂടെ തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് നീതി ആയോഗ് വൈസ് ചെയർമാൻ അശോക് കുമാർ ലാഹിരി എഴുതിയ ലേഖനം സമൂഹമാധ്യമത്തിൽ പങ്കുവെച്ചാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കൂടുതൽ തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്ന സർക്കാർ നടപടികൾ പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&&

CABINET OVERALL (INTRO)

നിർമ്മാണ-അടിസ്ഥാന സൗകര്യ ഉപകരണ നിർമ്മാണ മേഖലയുടെ വികസനത്തിനായി 11,000 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. എട്ട് വർഷത്തേക്ക് നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ടണൽ ബോറിംഗ് മെഷീനുകൾ, ക്രെയിനുകൾ, എക്സ്കവേറ്ററുകൾ തുടങ്ങിയവയുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും രാജ്യത്ത് പ്രത്യേക പരിശോധനാ കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുമെന്ന് മന്ത്രി സഭാ യോഗത്തിന് ശേഷം നടന്ന വാർത്താസമ്മേളനത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയ്സ്)

4,288 കോടിയിലധികം രൂപ ചെലവിൽ തമിഴ് നാട്ടിലെ കാമരാജർ തുറമുഖത്ത് രണ്ടാമത്തെ കണ്ടെയ്നർ ടെർമിനൽ വികസിപ്പിക്കുന്നതിനും കേന്ദ്രമന്ത്രിസഭ അനുമതി നൽകി. അസമിലെ സിൽച്ചാറിലുള്ള ഡൊലൂവിൽ 2,014 കോടി രൂപ ചെലവിൽ ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നതിനും തപാൽ ശൃംഖലയുടെ ആധുനികവൽക്കരണത്തിനായി 1,041 കോടി രൂപയുടെ തപാൽ പ്രവർത്തനപദ്ധതി തുടരുന്നതിനും മന്ത്രിസഭ അംഗീകാരം നൽകി.

&&&&&&&&&&&&&&&&

CJI – WOMEN ADVOCATES

നിയമരംഗത്ത് സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത്. ന്യൂഡൽഹിയിലെ സിരി ഫോർട്ട് സ്പോർട്സ് കോംപ്ലക്സിൽ നടന്ന പ്രഥമ ശ്രീമതി ശശി പ്രഭ സിംഗ് മെമ്മോറിയൽ അവാർഡ് ദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തങ്ങളുടെ ജൂനിയർ അഭിഭാഷകരിൽ മൂന്നിലൊന്നെങ്കിലും സ്ത്രീകളാണെന്ന് മുതിർന്ന അഭിഭാഷകർ ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ, ബാർ അസോസിയേഷനുകളിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ വനിതകളെ പാനൽ അഭിഭാഷകരായി നിയമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

SC – DELHI PROTEST

കഴിഞ്ഞമാസം 10-ന് ന്യൂഡൽഹിയിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ നടന്ന പ്രതിഷേധങ്ങൾക്കിടെ രാഷ്ട്രീയ നേതാക്കളെയടക്കം തടങ്കലിൽ വെച്ചെന്നാരോപിച്ചുള്ള ഹർജികളിൽ 10 ദിവസത്തിനകം സമഗ്രമായ മറുപടി നൽകാൻ കേന്ദ്ര സർക്കാരിനോടും ഡൽഹി സർക്കാരിനോടും സുപ്രീം കോടതി നിർദ്ദേശിച്ചു. ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ചിൻറേതാണ് ഉത്തരവ്.

&&&&&&&&&&&&&&&&

GADKARI- NCD

ഭിന്നശേഷിക്കാരെ പിന്തുണയ്ക്കേണ്ടത് സാമൂഹിക ഉത്തരവാദിത്തമാണെന്നും അവർക്കായി അവസരങ്ങളുടെയും അന്തസ്സിൻറെയും സ്വയംപര്യാപ്തതയുടെയും ശക്തമായ സംവിധാനം ഒരുക്കണമെന്നും കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. 13-ാമത് ദേശീയ ഭിന്നശേഷി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പൊതുഗതാഗതസംവിധാനങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ ഓഫീസുകൾ, പൊതു ശൗചാലയങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും സൗകര്യപ്രദമായ രീതിയിൽ രൂപകൽപ്പന ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

KERALA CABINET

ഈ മാസം 30ന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ കായിക ബിൽ, പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ, സിദ്ധാർത്ഥൻ റാഗിംഗ് വിരുദ്ധ ബിൽ, സ്വകാര്യ സർവകലാശാല ബിൽ എന്നിവയുൾപ്പെടെയുള്ള ബില്ലുകൾ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സർക്കാർ വകുപ്പുകളിൽ, ഇല്ലാത്ത ഒഴിവ് മുൻനിർത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പിഎസ്സി രീതിക്ക് മാറ്റം വരുത്തുമെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ മുഖ്യമന്ത്രി പറഞ്ഞു. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് അന്വേഷണം നടത്തും.

&&&&&&&&&&&&&&&&&

WOMENS HOCKEY

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫിയുടെ അവസാന ലീഗ് മത്സരത്തിൽ ഇന്ത്യ - ജപ്പാൻ പോരാട്ടം. ഭോപ്പാലിലാണ് മത്സരം പുരോഗമിക്കുന്നത്. ഇന്നത്തെ മത്സരങ്ങളോടെ പോയിൻറ് പട്ടിക പൂർത്തിയാകും. മറ്റെന്നാൾ സെമി മത്സരങ്ങളും, 28-ന് വെങ്കല, സ്വർണ്ണ മെഡൽ പോരാട്ടങ്ങളും നടക്കും.

&&&&&&&&&&&&&&&&&

INDIA-NEPAL SURYA KIRAN EXERCISE

ഇന്ത്യൻ കരസേനയും നേപ്പാൾ സൈന്യവും സംയുക്തമായി നടത്തുന്ന 'സൂര്യ കിരൺ' സൈനികാഭ്യാസത്തിൻറെ ഇരുപതാമത് പതിപ്പിന് നേപ്പാളിൽ തുടക്കമായി. നേപ്പാൾ സൈന്യത്തിന്റെ മിഡ്-വെസ്റ്റേൺ ഡിവിഷൻ കമാൻഡർ മേജർ ജനറൽ പൂർണ്ണ ബഹദൂർ ഖത്രി അഭ്യാസപ്രകടനങ്ങൾ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

IFFI 2026 - DAY SIX (INTRO)

57-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇന്ന് ഇന്ത്യൻ സംഗീതത്തിലെ ഇതിഹാസ ശബ്ദങ്ങളെ ആദരിച്ചു.

വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

ആശാ ഭോസ്ലെ, എസ്. ജാനകി എന്നിവരുടെ സ്മരണാർത്ഥം സംഘടിപ്പിച്ച ലതാ മങ്കേഷ്കർ പ്രഭാഷണത്തിൽ പ്രശസ്ത പിന്നണി ഗായിക കെ.എസ്. ചിത്ര അവരുമായുള്ള ഓർമ്മകൾ പങ്കുവെക്കുകയും ആശാ ഭോസ്ലെയുടെ ഗസൽ ആലപിക്കുകയും ചെയ്തു. പ്രാദേശിക സിനിമകൾക്ക് ആഗോളതലത്തിൽ സ്വീകാര്യത നൽകുന്നതിൽ സബ്ടൈറ്റിലുകളുടെ പങ്കിനെക്കുറിച്ച് മാസ്റ്റർക്ലാസും ഇന്ന് നടന്നു. മനീഷ് സൈനിയുടെ ഗുജറാത്തി ചിത്രം 'ഭായ് ബന്ദ്', ക്ലാസിക് ഹിന്ദി ചിത്രങ്ങളായ 'സി.ഐ.ഡി', 'കഭി കഭി' എന്നിവയുടെ പ്രത്യേക പ്രദർശനങ്ങളും, ആറാം ദിനത്തിന് മാറ്റുകൂട്ടി.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

IFFI 26 - SVAYAM INITIATIVE

ഗോവയിൽ നടക്കുന്ന 57-ാമത് രാജ്യാന്തര ചലച്ചിത്ര മേള, ഭിന്നശേഷി സൗഹൃദമാക്കി. 'സ്വയം' എന്ന സംഘടനയുമായി ചേർന്നാണ് നടപടികൾ. ഇതിൻറെ ഭാഗമായി ഭിന്നശേഷിക്കാർക്കും സഞ്ചാരപരിമിതിയുള്ളവർക്കും തടസ്സങ്ങളില്ലാതെ മേള ആസ്വദിക്കാൻ വേദികളിൽ പരിശോധനകൾ നടത്തി. ഇതിനുപുറമെ, വോളണ്ടിയർമാർക്കായി പ്രത്യേക ബോധവൽക്കരണ ശില്പശാലകളും, പൊതുജനങ്ങളിൽ അവബോധം വളർത്താനായി 'സിമുലേഷൻ സോണും' മേളയുടെ ഭാഗമായി ഒരുക്കി.

&&&&&&&&&&&&&&&&&&

SHIVRAJ-NAYI CHETNA CAMPAIGN

സ്ത്രീസുരക്ഷയും സ്വാഭിമാനവും സാമ്പത്തിക സ്വാതന്ത്ര്യവും വികസനത്തിനൊപ്പം മുന്നോട്ട് പോകണമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ ലിംഗസമത്വ കാമ്പെയ്നായ 'നയി ചേതന - പഹൽ ബദ്‌ലാവ് കി'യുടെ അഞ്ചാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദീൻദയാൽ അന്ത്യോദയ യോജനയ്ക്ക് കീഴിൽ ഡിസംബർ 23 വരെയാണ് കാമ്പെയ്ൻ.

&&&&&&&&&&&&&&&&

PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി 'മൻ കീ ബാത്' ഈ മാസം 29-ന്. 'മൻ കീ ബാത്തി'ലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 27 വരെ അറിയിക്കാം.

&&&&&&&&&&&&&&&&

SC-DEEPATHOON

തമിഴ്നാട്ടിലെ മധുരൈ ജില്ലയിലെ തിരുപ്പറങ്കുൺട്രം മലമുകളിലെ ദീപത്തൂണിൽ പരമ്പരാഗത കാർത്തിക ദീപം തെളിക്കാത്തതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിനെതിരെയുള്ള കോടതിയലക്ഷ്യ ഹർജിയും തമിഴ്നാട് സർക്കാർ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടും പരിശോധിക്കുമെന്ന് സുപ്രീംകോടതി. നവംബർ 24ന് മലമുകളിലെ ദീപത്തൂണിൽ കാർത്തിക ദീപം തെളിയിക്കാൻ ഒറ്റത്തവണ ഇളവ് അനുവദിച്ചുകൊണ്ട് നവംബർ 21ന് സുപ്രീംകോടതി ഉത്തരവിട്ടിരുന്നു.

&&&&&&&&&&&&&&&&

KERALA WEATHER

കേരളത്തിൽ വരുംദിവസങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം , മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

JEE MAINS- LAST DATE

ജെ.ഇ.ഇ മെയിൻ ഒന്നാം ഘട്ട പരീക്ഷയ്ക്ക് ലേറ്റ് ഫീസോടുകൂടി രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി നാളെ. ഇതുവരെ 15 ലക്ഷത്തി 73,018 അപേക്ഷാ ഫോമുകൾ സമർപ്പിക്കപ്പെട്ടതായി എൻടിഎ അറിയിച്ചു.

&&&&&&&&&&&&&&&&

DOVAL-CS CONCLAVE

രാജ്യങ്ങളെ വിഭജിക്കുന്നതിനുപകരം പരസ്പരം ബന്ധിപ്പിക്കുന്ന ഇടമായി സമുദ്രങ്ങൾ നിലനിൽക്കണമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. ഇന്ത്യൻ മഹാസമുദ്രത്തിലെ തീരദേശരാജ്യങ്ങൾ തമ്മിലുള്ള സമുദ്ര-സാംസ്കാരിക ബന്ധം ഊന്നിപ്പറഞ്ഞ അദ്ദേഹം സമുദ്രസുരക്ഷ, പ്രാദേശിക സ്ഥിരത, സാമ്പത്തിക അഭിവൃദ്ധി എന്നിവ ഉറപ്പാക്കാൻ മേഖലയിലെ രാജ്യങ്ങൾ തമ്മിൽ നിരന്തരമായ സഹകരണം ആവശ്യമാണെന്ന് വ്യക്തമാക്കി. മാലദ്വീപിലെ മാലെയിൽ നടന്ന കൊളംബോ സെക്യൂരിറ്റി കോൺക്ലേവിൻറെ എട്ടാമത് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&
&&&&&&&&
&&&&&
&&